## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2285 — 23.03.2012ന് മറുപടിയ്ക്ക്

## ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) വനമേഖലകളിൽ തിങ്ങിപ്പാർക്കുന്ന ആദിവാസികളുടെയും മറ്റ് പിന്നോക്ക ജനവിഭാഗങ്ങളുടെയും ഊരുകളിൽ വൈദ്യുതി എത്തിക്കുന്നതിന് വനനിയമങ്ങൾ വലിയ തടസ്സം സൃഷ്ടിക്കുന്നുവെന്ന യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വനമേഖലയിൽ ആദിവാസികളും പിന്നോക്ക ജനവിഭാഗങ്ങളും പാർക്കുന്ന ഊരുകളിലേക്ക് വൈദ്യുതി ലൈൻ വലിക്കുന്നതിനുള്ള അനുമതിക്കായി 1980 ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട് പ്രകാരം പദ്ധതി നിർവ്വഹണം നടത്തുന്ന സർക്കാർ വകുപ്പ്/ ഏജൻസി നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. പൂർണ്ണമായ അപേക്ഷകളിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിഹരിക്കുന്നതിനും ആദിവാസിമേഖലകളിൽ അടിയന്തിരമായി വൈദ്യുതി ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ബി) ആദിവാസി ഊരുകളിലേക്കുള്ള വൈദ്യുതി വിതരണം, കുടിവെള്ള വിതരണം എന്നിങ്ങനെയുള്ള പത്ത് പൊതു അടിസ്ഥാന ആവശ്യങ്ങൾക്ക് പരമാവധി ഒരു ഹെക്ടർ വരെ വനഭൂമി മരം മുറിച്ചുമാറ്റാതെ ഉപയോഗിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് നൽകാവുന്നതാണ്. |

ആദിവാസി ഊരുകളിലെ
അടിസ്ഥാന വനേതര ആവശ്യങ്ങൾക്കായി ഒരു ഹെക്ടർ വരെ വനഭൂമി
ഉപയോഗിക്കുന്നതിന് 2006 ലെ
വനാവകാശനിയമം (The scheduled Tribes and Traditional Forest Dwellers (Recognatin of Forest Rights) Act 2006) പ്രകാരവും അനുമതി നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ